# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.407** **25.06.2019 ൽ മറുപടിക്ക്**

**പാട്ടത്തിന് നൽകിയ റസ്റ്റ് ഹൗസുകൾ തിരിച്ചുപിടിക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.രാജു എബ്രഹാം**<br>**,, കെ.സുരേഷ് കുറുപ്പ്**<br>**,, എസ്.രാജേന്ദ്രൻ**<br>**,, ശ്രീമതി.വീണാ ജോർജ്ജ്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) തമിഴ് നാട്ടിലെ കുറ്റാലത്ത് സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള അമ്പത്തിയാറ് ഏക്കർ വരുന്ന സ്ഥലവും കൊട്ടാരവും അനുബന്ധ കെട്ടിടങ്ങളും മുൻ സർക്കാരിന്റെ കാലത്ത് സ്വകാര്യ വ്യക്തി കയ്യടക്കിയത് തിരിച്ചുപിടിക്കാൻ നടത്തിയ ഇടപെടലുകൾ വ്യക്തമാക്കാമോ; വീണ്ടെടുത്ത സ്വത്ത് പരിപാലിക്കാനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കാമോ; | (എ) കുറ്റാലം കൊട്ടാരവും അനുബന്ധ കെട്ടിടങ്ങളും തട്ടിയെടുക്കാൻ ശ്രമിച്ച ഗൂഡാലോചനയ്ക്ക് നേതൃത്വം നൽകിയ പാലസ് സൂപ്രണ്ടിനെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തുകയും തമിഴ്നാട്ടിലെ വിവിധ കോടതികളിൽ (ഹൈക്കോടതി അടക്കം) കേരള സർക്കാർ കേസുകൾ നടത്തുകയും ഭരണപരവും നിയമപരവുമായി ശക്തമായ നടപടികൾ എടുത്തതിന്റെ ഫലമായാണ് കുറ്റാലം കൊട്ടാരം തിരിച്ച് പിടിക്കുവാൻ കേരള സർക്കാരിനു കഴിഞ്ഞത്. പിണറായി സർക്കാർ വന്നില്ലായിരുന്നു എങ്കിൽ ഈ കൊട്ടാരം നഷ്ടപ്പെടുമായിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊട്ടാരം നഷ്ടപ്പെടുന്നതിനെതിരെ ഒന്നും നടന്നില്ല. ഇപ്പോൾ തന്നെ കുറ്റാലം കൊട്ടാരത്തിന് കേരള പോലീസ് സംരക്ഷണത്തിനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. കൊട്ടാരം, അനുബന്ധ കെട്ടിടങ്ങൾ, കൊട്ടാരം വളപ്പ് ഇവ പൊതുമരാമത്ത് വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലാണ്. കൂടാതെ സ്ഥിരം തസ്തികയായിട്ടുള്ള അഞ്ച് ഗാർഡനർ പോസ്റ്റിലേക്ക് വാച്ചർ കം ഗാർഡനർമാരെ നിയമിച്ചിട്ടുണ്ട്. നിലവിലുള്ള സംരക്ഷണഭിത്തിക്കു പുറമേ കൊട്ടാര വളപ്പിന്റെ സംരക്ഷണത്തിനു വേണ്ടി 12 അടി ഉയരത്തിൽ കമ്പി വേലി കെട്ടിയിട്ടുണ്ട്. ഇതിനെല്ലാമുപരി, കൊട്ടാരത്തിൽ സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നതിനും |

കൊട്ടാരത്തിലേക്കുള്ള വഴിവിളക്കുകൾ വിപുലീകരിക്കുന്നതിനുമുള്ള കാര്യവും പരിശോധിച്ചു വരികയാണ്.

| | | | |
|---|---|---|---|
| (ബി) | 2002-ൽ സ്വകാര്യ വ്യക്തിക്ക് പാട്ടവ്യവസ്ഥയിൽ വിട്ടുനൽകിയ മൂന്നാറിലെ റസ്റ്റ് ഹൗസും ഭൂമിയും തിരികെ പിടിക്കാൻ നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമോ; | (ബി) | സർക്കാരിന്റെ സമയോചിതമായ ഇടപെടലിലൂടെ കോടതി നിർദ്ദേശപ്രകാരം മൂന്നാർ റസ്റ്റ് ഹൗസും ഭൂമിയും മലയാളം ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്ന് 27.12.2018 ൽ തിരികെ പിടിച്ചു കഴിഞ്ഞു. |
| (സി) | പാട്ടത്തിന് നൽകിയ വൈക്കം, ആലുവ എന്നിവിടങ്ങളിലെ റസ്റ്റ് ഹൗസുകളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ; | (സി) | വൈക്കം പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് 03.01.2003 ൽ ശ്രീ.എ.എൻ.സതീഷ് എന്ന വ്യക്തിക്ക് ലീസിന് നൽകുകയും കരാർ വ്യവസ്ഥകൾ ലംഘിച്ചതിനെ തുടർന്ന് 05.06.2007 ൽ ടി വ്യക്തിക്ക് നോട്ടീസ് നൽകുകയും 06.09.2008 ൽ ടി റസ്റ്റ് ഹൗസ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ ടിയാൻ ഫയൽ ചെയ്ത ആർബിട്രേഷൻ കേസ് 39/2013 ന് 07.12.2015 ൽ വിധി വരികയും ആയത് പ്രകാരം പൊതുമരാമത്തിന് കരാർ പ്രകാരമുള്ള കുടിശ്ശിക തുകയും, പലിശയും ചേർന്ന തുക നൽകുവാൻ ഉത്തരവുണ്ടാകുകയും ചെയ്തു. ടി വിധിക്കെതിരെ ശ്രീ.എ.എൻ.സതീഷ് എറണാകുളം ജില്ലാ കോടതിയിൽ ഫയൽ ചെയ്ത 17/2016-ാം നമ്പർ കേസ് നിലവിൽ നടന്നുവരികയാണ്. ടി കേസിന്റെ തുടർനടപടികൾ റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ടിയാൻ ഹൈക്കോടതിയിൽ 34540/2017-ാം നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. നിലവിൽ ടി റസ്റ്റ് ഹൗസ്, ക്യാന്റീൻ സൗകര്യത്തോടുകൂടി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കോട്ടയത്തിന്റെ നിയന്ത്രണത്തിൽ തന്നെയാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. കുറ്റാലം, വൈക്കം, പൂഞ്ഞാർ റെസ്റ്റ് ഹൗസുകൾ തിരികെ പിടിച്ചത് വലിയ പരിശ്രമം നടത്തിയാണ്. ഈ സർക്കാരിന്റെ വലിയ വിജയങ്ങളിൽ ഒന്നാണീ നടപടി. |

| | | | |
|---|---|---|---|
| | | | ആലുവ റസ്റ്റ് ഹൗസ് തിരികെ പിടിക്കാൻ ശ്രമം നടത്തി വരികയാണ്. റസ്റ്റ് ഹൗസിന്റെ പ്രവർത്തനം കോടതി നിർദ്ദേശപ്രകാരം പാട്ട വ്യവസ്ഥയിൽ തന്നെ തുടരുകയാണ്. |
| (ഡി) | നിലവിൽ എത്ര റസ്റ്റ് ഹൗസുകളാണ് ഉള്ളത്; ഇവയിൽ ഓൺലൈൻ ബുക്കിംഗ് സൗകര്യം ഉൾപ്പെടെ ഏർപ്പെടുത്തി കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ; | (ഡി) | നിലവിൽ 153 റസ്റ്റ് ഹൗസുകളാണ് ഉള്ളത്. റസ്റ്റ് ഹൗസിന്റെ ഓൺ ലൈൻ ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തി കാര്യക്ഷമമായി വിനിയോഗിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്) നം.23/2019/പി.ഡബ്ല്യു.ഡി തീയതി 14.06.2019 പ്രകാരം നിലവിൽ വന്നു. |
| (ഇ) | പൊതുമരാമത്ത് കെട്ടിട നിർമ്മാണ വിഭാഗത്തിന്റെ പ്രവർത്തനം ആധുനീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ? | (ഇ) | ഉണ്ട്. പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ പ്രീ-ഫാബ്രിക്കേഷൻ, കോമ്പോസിറ്റ് സ്ട്രക്ച്ചർ തുടങ്ങിയവ ഉൾപ്പെടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലെ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ നേതൃത്വത്തിലുള്ള എല്ലാ നിർമ്മാണങ്ങളും ഹരിതനിർമ്മാണ ചട്ടമനുസരിച്ചാണ് നിർമ്മിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**